പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3859 24-06-2014 -ൽ മറുപടിക്ക്.

## സാഫല്യം ഭവന നിർമ്മാണ പദ്ധതി പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. ഇ.പി . ജയരാജൻ | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സാഫല്യം ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചത് എപ്പോഴാണ്; | (എ) 2011 -12 സാമ്പത്തിക വർഷത്തിലാണ് സാഫല്യം ഭവന പദ്ധതി ആരംഭിച്ചത്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങളെന്താണ്; | (ബി) കേരളത്തിലെ ദുർബല വിഭാഗത്തിൽപെട്ട ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സന്നദ്ധ സംഘടന/കാരുണ്യ വാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും സർക്കാർ സബ്സിഡിയോടും കൂടി ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷം. |
| (സി) | സാഫല്യം ഭവന നിർമ്മാണ പദ്ധതിയ്ക്കായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുക എത്രയായിരുന്നുവെന്നും ചെലവഴിച്ച തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ; | (സി) സാഫല്യം ഭവന പദ്ധതിയ്ക്കായി ഓരോ സാമ്പത്തിക വർഷവും താഴെ പറയും പ്രകാരം തുക വകയിരുത്തി.<br>2011-12സാമ്പത്തികവർഷം - 1 കോടി രൂപ<br>2012-13 സാമ്പത്തിക വർഷം - 17 കോടി രൂപ (ഫണ്ട് ലഭ്യമാക്കിയില്ല)<br>2013-14 സാമ്പത്തിക വർഷം - 5 കോടി രൂപ<br>2014-15 സാമ്പത്തിക വർഷം - 10 കോടി രൂപ<br>**ചെലവഴിച്ച തുക**<br>സാഫല്യം ഭവന പദ്ധതി- ഒന്നാം ഘട്ടം<br>കൊല്ലം - ചാത്തന്നൂർ (48 ഫ്ളാറ്റുകൾ) 81.50 ലക്ഷം രൂപ<br>കോഴിക്കോട് - ചേളന്നൂർ (66 ഫ്ളാറ്റുകൾ) 21 ലക്ഷം രൂപ<br>എറണാകുളം - ചോറ്റാനിക്കര (54 ഫ്ളാറ്റുകൾ) 50,000/- രൂപ |

| | | | |
|---|---|---|---|
| (ഡി) | സാഫല്യം ഭവന നിർമ്മാണ നിർമ്മാണ പദ്ധതി പ്രകാരം ഏതെല്ലാം പ്രദേശങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിക്കുവാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; | (ഡി) | <u>സാഫല്യം ഭവന പദ്ധതി- ഒന്നാം ഘട്ടം</u><br>കൊല്ലം - ചാത്തന്നൂർ - 48 ഫ്ളാറ്റുകൾ<br>കോട്ടയം - അകലക്കുന്നം - 48 ഫ്ളാറ്റുകൾ<br>തൃശ്ശൂർ - പുതുക്കാട് - 72 ഫ്ളാറ്റുകൾ<br>കോഴിക്കോട് - ചേളന്നൂർ - 66 ഫ്ളാറ്റുകൾ<br>എറണാകുളം - ചോറ്റാനിക്കര - 54 ഫ്ളാറ്റുകൾ<br>ആകെ - 288 ഫ്ളാറ്റുകൾ |
| (ഇ) | ഓരോ പ്രദേശത്തെയും പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഇ) | സാഫല്യം ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിലൂടെ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന ഘട്ടങ്ങളിലാണ്.<br>1. ചാത്തന്നൂർ - (48 ഫ്ളാറ്റുകൾ -3 നിലകൾ)<br>ഗ്രൗണ്ട് ഫ്ളോർ സ്ലാബ് വാർത്തു കഴിഞ്ഞു.<br>ഫസ്റ്റ് ഫ്ളോർ സ്ലാബ് 50% വാർത്തു.<br>2. ചേളന്നൂർ - (66 ഫ്ളാറ്റുകൾ)<br>രണ്ട് ബ്ലോക്കുകളിൽ ഒരു ബ്ലോക്കിന്റെ എല്ലാ കോളംസും ഉം ഗ്രൗണ്ട് ഫ്ളോർ റൂഫ് ലെവൽ വരെയായി. രണ്ടാമത്തെ ബ്ലോക്കിന്റെ പ്ലിന്ത് ബീം വരെയുള്ള ജോലികൾ പൂർത്തിയായിട്ടുണ്ട്.<br>3. പുതുക്കാട് - (72 ഫ്ളാറ്റുകൾ)<br>ഫൗണ്ടേഷൻ ജോലികൾ ആരംഭിച്ചിട്ടുണ്ട്.<br>4. ചോറ്റാനിക്കര - ( 54 ഫ്ളാറ്റുകൾ)<br>രണ്ടു ബ്ലോക്കുകളിൽ ഒരു ബ്ലോക്കിന്റെ ഫൗണ്ടേഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്. ബേസ്മെന്റിന്റെ പണിയും രണ്ടാമത്തെ ബ്ലോക്കിന്റെ ഫൗണ്ടേഷൻ പണിയും പുരോഗമിക്കുന്നു.<br>5. ഗുണഭോക്തൃ വിഹിതവും സന്നദ്ധ സംഘടനാ വിഹിതവും ഉറപ്പാക്കാൻ കഴിയാത്തതിനാലും പദ്ധതിയിലെ വികസന പ്രവർത്തനങ്ങൾ പഞ്ചായത്ത് ചെയ്തുകൊള്ളാമെന്നു ഉറപ്പ് ലഭിക്കാത്തതിനാലും കോട്ടയം അകലക്കുന്നത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ